# Malayala Manorama

# 18 August 2018

# Chalakudy, Chalakudy River Overflowed

## മുരിങ്ങൂർ മേൽപ്പാലം മുക്കി ചാലക്കുടിപ്പുഴ

**മനോരമ ലേഖകൻ**

ചാലക്കുടി • ചാലക്കുടിപ്പുഴ 16 അടിവരെ ഉയർന്നു ദേശീയപാതയിലെ മുരിങ്ങൂർ മേൽപ്പാലത്തെ മുക്കി. ഇതോടെ ചാലക്കുടി കടുത്ത ദുരിതത്തിൽ. ചാലക്കുടി ടൗണിനു പുറമേ മേലൂർ, പരിയാരം, കോടശ്ശേരിതുടങ്ങിയ പ്രദേശങ്ങൾ പൂർണമായും മുങ്ങി. നൂറുകണക്കിനാളുകൾ കുടുങ്ങി.

ദേശീയപാതയിലെ ചാലക്കുടിപ്പാലത്തിനു മുകളിലൂടെയാണു വെള്ളമൊഴുക്ക്. അന്നമനട പാലത്തിലേക്കും വെള്ളമെത്തി. തൃശൂർ-എറണാകുളം ദേശീയപാതയിൽ നാലിടത്തു നാലടിയിലധികം വെള്ളം ഉയർന്നിട്ടുണ്ട്.

ബുധൻ രാത്രി മുതലാണു വെള്ളം പൊങ്ങിയത്. രണ്ടുദിവസം പിന്നിട്ടിട്ടും രക്ഷാപ്രവർത്തകർക്ക് എത്താനാകാത്ത ഒട്ടേറെ സ്ഥലങ്ങളുണ്ട്. തൂണക്കടവ്, പറമ്പിക്കുളം, അപ്പർ ഷോളയാർ, പെരിങ്ങൽക്കുത്ത് അണക്കെട്ടുകളിലെ വെള്ളം ഒരുമിച്ചെത്തിയപ്പോഴാണു ചാലക്കുടിപ്പുഴ കരകവിഞ്ഞത്. പെരിയാറിലെ വെള്ളം കനോലി കനാലിലേക്കു കയറി കൈവഴികൾ നിറച്ചതോടെ ചാലക്കുടിപ്പുഴ ഇരുതീരങ്ങളിലും ഏഴു കിലോമീറ്റർ വരെ ഉള്ളിലേക്കു പരന്നൊഴുകി.

അതിരപ്പിള്ളി, പരിയാരം, കോടശേരി, മേലൂർ, കാടുകുറ്റി, അന്നമനട, കുഴൂർ എന്നീ പുഴയോര പഞ്ചായത്തുകളിലെല്ലാം വെള്ളമാണ്. മേലൂരിലും പരിയാരത്തും കാടുകുറ്റിയിലും മിക്ക വീടുകളും മുങ്ങി. മാള, മാമ്പ്ര, ചെറുവാളൂർ പ്രദേശങ്ങളും വെള്ളക്കെട്ടിലായി.

